# HOLY MASS ON THE SOLEMNITY OF PENTECOST

## HOMILY OF HIS HOLINESS POPE FRANCIS

In the first reading of todayís Liturgy, the coming of the Holy Spirit at Pentecost is compared to ìthe rush of a violent windî (*Acts*2:2). What does this image tell us? It makes us think of a powerful force that is not an end in itself, but effects change. Wind in fact brings change: warmth when it is cold, cool when it is hot, rain when the land is parchedÖ this is way it brings change. The Holy Spirit, on a very different level, does the same. He is†*the divine force that changes the world*. The Sequence reminded us of this: the Spirit is ìin toil, comfort sweet; solace in the midst of woeî. And so we beseech him: ìHeal our wounds, our strength renew; on our dryness pour your dew; wash the stains of guilt awayî. The Spirit enters into situations and transforms them. He changes†*hearts*and he changes†*situations*.

*The Holy Spirit changes hearts*. Jesus had told his disciples: ì You will receive power when the Holy Spirit has come upon you; and you will be my witnessesî (*Acts*†1:8). That is exactly what happened. Those disciples, at first fearful, huddled behind closed doors even after the Masterís resurrection, are transformed by the Spirit and, as Jesus says in todayís Gospel, ìthey bear witness to himî (cf.†*Jn*†15:27). No longer hesitant, they are courageous and starting from Jerusalem, they go forth to the ends of the earth. Timid



while Jesus was still among them, they are bold when he is gone, because the Spirit changed their hearts.

The Spirit frees hearts chained by fear. He overcomes all resistance. To those content with half measures he inspires whole-hearted generosity. He opens hearts that are closed. He impels the comfortable to go out and serve. He drives the self-satisfied to set out in new directions. He makes the lukewarm thrill to new dreams. That is what it means to change hearts. Plenty of people promise change, new beginnings, prodigious renewals, but experience teaches us that no earthly attempt to change reality can ever completely satisfy the human heart. Yet the change that the Spirit brings is different. It does not revolutionize life around us, but changes our hearts. It does not free us from the weight of our problems, but liberates us†*within*†so that we can face them. It does not give us everything at once, but makes us press on confidently, never growing weary of life. The Spirit keeps our hearts young ñ a renewed youth. Youth, for all our attempts to prolong it, sooner or later fades away; the Spirit, instead, prevents the only kind of aging that is unhealthy: namely, growing old within. How does he do this? By renewing our hearts, by pardoning sinners. Here is the great change: from guilty he makes us righteous and thus changes everything. From slaves of sin we become free, from servants we become beloved children, from worthless worthy, from disillusioned filled with hope. By the working of the Holy Spirit, joy is reborn and peace blossoms in our hearts.

Today, then, let us learn what to do when we are in need of real change. And who among us does not need a change? Particularly when we are downcast, wearied by lifeís burdens, oppressed by our own weakness, at those times when it is hard to keep going and loving seems impossible. In those moments, we need a powerful ìjoltî: the Holy Spirit, the power of God. In the Creed we profess that he is the ìgiver of lifeî. How good it would be for us each

day to feel this jolt of life! To say when we wake up each morning: ìCome, Holy Spirit, come into my heart, come into my dayî.

The Spirit does not only change hearts; he†*changes situations*. Like the wind that blows everywhere, he penetrates to the most unimaginable situations. In the Acts of the Apostles ñ a book we need to pick up and read, whose main character is the Holy Spirit ñ we are caught up in an amazing series of events. When the disciples least expect it, the Holy Spirit sends them out to the pagans. He opens up new paths, as in the episode of the deacon Philip. The Spirit drives Philip to a desert road from Jerusalem to GazaÖ (How heartrending that name sounds to us today! May the Spirit change hearts and situations and bring peace to the Holy Land!) Along the way, Philip preaches to an Ethiopian court official and baptizes him. Then the Spirit brings him to Azotus, and then on to Caesarea, in constantly new situations, to spread the newness of God. Then too, there is Paul, ìcompelled by the Spiritî (*Acts*20:22), who travels far and wide, bringing the Gospel to peoples he had never seen. Where the Spirit is, something is always happening; where he blows, things are never calm.

When, in the life of our communities, we experience a certain ìlistlessnessî, when we prefer peace and quiet to the newness of God, it is a bad sign. It means that we are trying to find shelter from the wind of the Spirit. When we live for self-preservation and keep close to home, it is not a good sign. The Spirit blows, but we lower our sails. And yet, how often have we seen him work wonders! Frequently, even in the bleakest of times, the Spirit has raised up the most outstanding holiness! Because he is the soul of the Church, who constantly enlivens her with renewed hope, fills her with joy, makes her fruitful, and causes new life to blossom. In a family, when a new baby is born, it upsets our schedules, it makes us lose sleep, but it also brings us a joy that renews our lives, driving us on, expanding us





in love. So it is with the Spirit: he brings a ìtaste of childhoodî to the Church. Time and time again he gives new birth. He revives our first love. The Spirit reminds the Church that, for all her centuries of history, she is always the youthful bride with whom the Lord is madly in love. Let us never tire of welcoming the Spirit into our lives, of invoking him before everything we do: ìCome, Holy Spirit!î

He will bring his power of change, a unique power that is, so to say, both†*centripetal and centrifugal*. It is centripetal, that is, it seeks the centre, because it works deep within our hearts. It brings unity amid division, peace amid affliction, strength amid temptations. Paul reminds us of this in the second reading, when he writes that the fruits of the Spirit are joy, peace, faithfulness and self-control (cf.†*Gal*†5:22). The Spirit grants intimacy with God, the inner strength to keep going. Yet, at the same time, he is a centrifugal force, that is, one pushing outward. The one who centres us is also the one who drives us to the peripheries, to every human periphery. The one who reveals God also opens our hearts to our brothers and sisters. He sends us, he makes us witnesses, and so he pours out on us ñ again in the words of Paul ñ love, kindness, generosity and gentleness. Only in the Consoler Spirit do we speak words of life and truly encourage others. Those who live by the Spirit live in this constant spiritual tension: they find themselves pulled both†*towards God and towards the world*.

Let us ask him to make us live in exactly that way. Holy Spirit, violent wind of God, blow upon us, blow into our hearts and make us breathe forth the tenderness of the Father! Blow upon the Church and impel her to the ends of the earth, so that, brought by you, she may bring nothing other than you. Blow upon our world the soothing warmth of peace and the refreshing cool of hope. Come Holy Spirit, change us within and renew the face of the earth. Amen.

*†Vatican Basilica*
*Sunday, 20 May 2018*

# ലോക മാധ്യമദിനസന്ദേശം - 2018

## ഫ്രാൻസിസ് മാർപാപ്പ

## “സത്യം നിങ്ങളെ സ്വതന്ത്രരാക്കും” (യോഹ 8:32) വ്യാജവാർത്തകളും സമാധാനത്തിനുവേണ്ടിയുള്ള മാധ്യമപ്രവർത്തനവും

പ്രിയ സഹോദരീസഹോദരന്മാരേ,

വാർത്താവിനിമയം, നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ ഭാഗവും പരസ്പരം സൗഹൃദം അനുഭവിച്ചറിയാനുള്ള സത്താപരമായ മാർഗവുമാണ്. നമ്മുടെ സ്രഷ്ടാവിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായതുകൊണ്ട് സത്യവും നല്ലതും സുന്ദരവുമായതെല്ലാം പ്രകടിപ്പിക്കാനും പങ്കുവയ്ക്കാനും നമുക്കു സാധിക്കും. നമ്മുടെ അനുഭവങ്ങളെയും നമുക്കുചുറ്റുമുള്ള ലോകത്തെയും വിവരിക്കുന്നതിലൂടെ സംഭവങ്ങളെക്കുറിച്ചുള്ള ചരിത്രപരമായ ഓർമ്മയും ധാരണയും സൃഷ്ടിക്കാൻ നമുക്കു കഴിയും. എന്നാൽ അഹന്തയ്ക്കും സ്വാർത്ഥതയ്ക്കും നാം കീഴ്പ്പെടുമ്പോൾ ആശയവിനിമയത്തിനുള്ള നമ്മുടെ സാധ്യത വികലമാക്കപ്പെടും. ഇത് ആദിമകാലം മുതൽ കാണുന്ന ഒന്നാണ്. കായേൻ, ആബേൽ എന്നിവരെയും ബാബേൽ ഗോപുരത്തെയും സംബന്ധിച്ച് ബൈബിളിൽ കാണുന്ന കഥകളിൽ അതുകാണാം (cf ഉത്പ 4:4-16; 11:1-9). സത്യത്തെ വളച്ചൊടിക്കാനുള്ള കഴിവ്, വ്യക്തികളെന്ന നിലയിലും സമൂഹങ്ങളെന്ന നിലയിലുമുള്ള നമ്മുടെ അവസ്ഥയുടെ ലക്ഷണ





മാണ്. മറുവശത്ത്, നാം ദൈവത്തിന്റെ പദ്ധതിയോടു വിശ്വസ്തത പുലർത്തുമ്പോൾ ആശയവിനിമയം സത്യത്തിനുവേണ്ടിയുള്ള നമ്മുടെ ഉത്തരവാദിത്വപൂർണമായ അന്വേഷണത്തിന്റെയും നന്മയെ പിന്തുടരുന്നതിന്റെയും കാര്യക്ഷമമായ പ്രകാശനമായിത്തീരും.

ഇന്ന്, വാർത്താവിനിമയത്തിന്റെയും ഡിജിറ്റൽ സംവിധാനങ്ങളുടെയും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് “വ്യജവാർത്തകൾ” എന്നറിയപ്പെടുന്നവയുടെ വ്യാപനത്തിന് നാം സാക്ഷ്യംവഹിക്കേണ്ടിവരുന്നു. ഇത് നമ്മുടെ വിചിന്തനം ആവശ്യപ്പെടുന്നു. അതുകൊണ്ടാണ് ഈ ലോകസമ്പർക്ക മാധ്യമദിന സന്ദേശത്തിൽ സത്യമെന്ന വിഷയം വീണ്ടും അവതരിപ്പിക്കാൻ ഞാൻ നിശ്ചയിച്ചത്. ഈ വിഷയം പലകാലങ്ങളിലും എന്റെ മുൻഗാമികൾ ഉയർത്തിക്കാണിച്ചിട്ടുള്ളതാണ്. പോൾ 6-ാമൻ മാർപാപ്പ അതു തുടങ്ങിവച്ചു. അദ്ദേഹത്തിന്റെ 1972-ലെ സന്ദേശം “സാമൂഹിക സമ്പർക്കമാധ്യമങ്ങൾ സത്യത്തിനുള്ള സേവനത്തിന്” എന്നതായിരുന്നു. ഈ വിചിന്തനങ്ങളോട് പങ്കുചേർന്ന് വ്യാജവാർത്തകളുടെ വ്യാപനത്തെ കണ്ടെത്താനും വാർത്താവിനിമയത്തിന്റെ മഹത്വത്തെയും സത്യം അറിയിക്കാൻ വാർത്താവിതരണക്കാർക്കുള്ള വ്യക്തിപരമായ കടമയെയും പ്രചോദിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

### 1. വ്യാജവാർത്തയെ സംബന്ധിച്ച “വ്യാജം” എന്താണ്?

വ്യാജവാർത്തകൾ എന്ന പദം വലിയ ചർച്ചയ്ക്കും വാദപ്രതിവാദത്തിനും വിഷയമായിട്ടുണ്ട്. പൊതുവേ, തെറ്റായ വിവരം ഓൺലൈൻവഴിയോ പരമ്പരാഗതമാധ്യമങ്ങൾ വഴിയോ പ്രചരിപ്പിക്കുന്നതിനെയാണ് അതു സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഇല്ലാത്തതോ വികലമാക്കപ്പെട്ടതോ ആയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വായനക്കാരനെ വഞ്ചിക്കാനും ദുരുപയോഗിക്കാനും വേണ്ടി തെറ്റായ വിവരങ്ങൾ നല്കലാണത്. വ്യാജവാർത്തകളുടെ പ്രചരി

പ്പിക്കൽ പ്രത്യേക ലക്ഷ്യങ്ങൾ നേടാനും രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാനും സാമ്പത്തിക കാര്യങ്ങൾ സാധിക്കാനും സഹായകമാകും.

വ്യാജവാർത്തകൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിന്റെ കാരണം, ഒന്നാമതായി യഥാർത്ഥ വാർത്ത തെറ്റായിരിക്കാമെന്ന് തോന്നുംവിധം അവതരിപ്പിക്കാനുള്ള സാമർത്ഥ്യംകൊണ്ടാണ്. രണ്ടാമതായി തെറ്റായ വാർത്തയെ വിശ്വസിപ്പിക്കാവുന്ന രീതിയിൽ അവതരിപ്പിക്കുന്ന വഞ്ചനാത്മകമായ അവതരണമാണ്. അത് സ്ഥിരവും പൊതുവുമായ മുൻവിധികളെ അനുകൂലിച്ച് ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ആകുലത, വെറുപ്പ്, കോപം, മനോഭംഗം മുതലായി പെട്ടെന്നുണ്ടാകുന്ന വികാരങ്ങളെ അതു ചൂഷണം ചെയ്യുന്നു. സാമൂഹിക നെറ്റുവർക്കുകളുടെ ദുരുപയോഗത്തെയും അവയുടെ പ്രവർത്തന രീതിയെയും ആശ്രയിച്ചാണ് അത്തരം വ്യാജവാർത്തകൾ പ്രചരിപ്പിക്കാനുള്ള കഴിവുണ്ടാകുന്നത്. സത്യമല്ലാത്ത കഥകൾ പെട്ടെന്നു പ്രചരിക്കുകയും അവയുടെ ആധികാരിക നിഷേധങ്ങൾ അതുവഴിയുണ്ടായ നാശത്തെ തടയാൻ അപര്യാപ്തമാകുകയും ചെയ്യും.

വ്യാജവാർത്തകളെ തുറന്നു കാണിക്കാനും ഒഴിവാക്കാനും പ്രയാസമുണ്ട്. കാരണം, അനേകം ആളുകൾ വ്യത്യസ്തവീക്ഷണങ്ങളും അഭിപ്രായങ്ങളും കടന്നുചെല്ലാത്ത സ്ഥിരം ഡിജിറ്റൽ സാഹചര്യങ്ങളോടാണ് പ്രതികരിക്കുന്നത്. അങ്ങനെ, മുൻവിധികളെ കാര്യക്ഷമമായി വെല്ലുവിളിക്കാനും സർഗാത്മകമായ സംഭാഷണമുണ്ടാകാനും സഹായിക്കുന്ന മറ്റുള്ള ഗുണപരമായ ആശയവിനിമയ ഉറവിടങ്ങൾ ഇല്ലാത്തതുകൊണ്ട് വികലമാക്കൽ പ്രക്രിയ വളർന്നു പുഷ്പിക്കുന്നു. അടിസ്ഥാനമില്ലാത്ത തെറ്റായ ആശയങ്ങളെ പ്രചരിപ്പിക്കാൻ, മനസ്സില്ലെങ്കിലും അവർ പ്രേരിപ്പിക്കപ്പെടുന്നു. തെറ്റായ വിവരം നല്കുന്നതിന്റെ ദുരന്തം ഇതാണ്: അതു മറ്റുള്ളവരെ ശത്രുക്കളായി ചിത്രീകരിച്ചുകൊണ്ട് അപമാനിക്കുകയും അവരെ ദുഷ്ടാത്മാക്കളായി ചിത്രീകരിച്ച് സംഘട്ടനത്തിലേക്കുവരെ നയിക്കുന്നു. സഹനശേഷിയില്ലാത്തതും അമിതവികാരംകൊള്ളിക്കുന്നതുമായ മനോഭാവങ്ങളുടെ അടയാളമാണ് വ്യാജവാർത്തകൾ. അത് മർക്കടമുഷ്ടിയും വിദ്വേഷവും പ്രചരിപ്പിക്കാൻ പ്രേരിപ്പിക്കുകയേ ഉള്ളൂ.





**2. വ്യാജവാർത്തകളെ നമുക്ക് എങ്ങനെ തിരിച്ചറിയാൻ കഴിയും?**

അസത്യങ്ങളെ നേരിടുകയെന്ന കടമയിൽനിന്ന് ഞാൻ ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്ന് വിചാരിക്കാൻ നമുക്ക് ആർക്കും സാധ്യമല്ല. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം, വ്യാജവാർത്തകൾ മിക്കപ്പോഴും മന:പൂർവം സൂത്രത്തിൽ ഒഴിഞ്ഞുമാറുന്നതും സൂക്ഷ്മതയോടെ വഴിതെറ്റിക്കുന്നതുമായ പ്രഭാഷണവിദ്യയിൽ അടിയുറപ്പിച്ചിരിക്കും. ചിലപ്പോൾ കുതർക്കങ്ങൾ ഉള്ള മനശ്ശാസ്ത്രപരമായ സമ്പ്രദായങ്ങൾ പ്രയോഗിച്ചിരിക്കും. മാധ്യമങ്ങൾ നല്കുന്ന വിവരങ്ങൾ വ്യാഖ്യാനിക്കാനും വിലയിരുത്താനും ജനങ്ങളെ സഹായിക്കുന്ന വിദ്യാഭ്യാസപരമായ പദ്ധതി സൃഷ്ടിക്കാൻ ഇന്നു പ്രശംസനീയമായ പരിശ്രമങ്ങൾ നടക്കുന്നുണ്ട്. തെറ്റായ വിവരങ്ങൾ ചിന്താശൂന്യരായി പ്രചരിപ്പിക്കാൻ സഹായിക്കാതെ തെറ്റുകളെ തുറന്നു കാണിക്കുന്നതിൽ സജീവമായി പങ്കുചേരാൻ അവ പഠിപ്പിക്കും. ആ പ്രതിഭാസത്തെ നിയന്ത്രിക്കാൻ സ്ഥാപനപരവും നിയമപരവുമായ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടെന്നതും പ്രശംസനീയമാണ്. ദശലക്ഷക്കണക്കിനുള്ള ഡിജിറ്റൽ പ്രൊഫൈലുകളിൽ ഒളിച്ചുവച്ചിട്ടുള്ള വ്യക്തിപരമായ വിവരങ്ങൾ പരിശോധിച്ചറിയാനുള്ള മാനദണ്ഡങ്ങൾ സാങ്കേതികവും മാധ്യമപരവുമായ കമ്പനികൾ ചെയ്യുന്നുണ്ടെന്നതിനെ സംബന്ധിച്ച് ഒന്നും പറയേണ്ടതില്ലല്ലോ.

എന്നാലും വ്യാജവാർത്താപ്രചാരണത്തിന്റെ രീതിയെ തടയുകയും അതിനെ തിരിച്ചറിയുകയും ചെയ്യുകയെന്നത് വിവേചിച്ചറി

യലിന്റെ അഗാധവും ശ്രദ്ധാപൂർവകവുമായ പ്രക്രിയ ആവശ്യപ്പെടുന്നുണ്ട്. "നിഗൂഢ വിപത്തുണ്ടാക്കുന്ന തന്ത്രങ്ങൾ" എന്നു വിളിക്കപ്പെടാവുന്നതിനെ നാം തുറന്നുകാണിക്കണം. ഏതു സമയത്തും ഏതു സ്ഥലത്തും ശ്രദ്ധയാകർഷിക്കാൻ വേണ്ടി തങ്ങളെതന്നെ വേഷപ്രച്ഛന്നരാക്കുന്നവരാണ് ആ തന്ത്രങ്ങൾ പ്രയോഗിക്കുന്നത്. ഈ സമരതന്ത്രം തന്നെയാണ് ഉത്പത്തി പുസ്തകത്തിലെ "തന്ത്രശാലിയായ പാമ്പ്'' പ്രയോഗിച്ചത്. അത് മനുഷ്യവംശത്തിന്റെ ആരംഭത്തിൽത്തന്നെ വ്യാജവാർത്ത സൃഷ്ടിച്ച് (cf ഉത്പ 3:1-15) മാനുഷിക പാപത്തിന്റെ ദുരന്തം തുടങ്ങിവച്ചു. സഹോദരനെ കൊല്ലുന്നതുവരെ അതു എത്തി (cf ഉത്പ 4). ദൈവത്തിനും അയൽക്കാരനും സമുദായത്തിനും സൃഷ്ടിക്കും എതിരായി ചെയ്യപ്പെട്ട അസംഖ്യം തിന്മകൾ അന്നുതുടങ്ങി. സമർത്ഥനായ "നുണകളുടെ പിതാവിന്റെ" (യോഹ 8:44) സമര തന്ത്രം കൃത്യമായി പറഞ്ഞാൽ മിമിക്രിയാണ്. വശീകരിക്കലിന്റെ കപടവും അപകടകരവുമായ രൂപമാണത്. അത് തെറ്റായതും വശീകരിക്കുന്നതുമായ വാദമുഖങ്ങളോടെ ഹൃദയത്തിലേക്ക് ഇഴഞ്ഞുകയറുന്നു.

ആദിമപാപത്തിന്റെ വിവരണത്തിൽ പരീക്ഷകൻ സ്ത്രീയെ, അവളുടെ കൂട്ടുകാരനെന്ന ഭാവത്തിൽ സമീപിക്കുന്നു. അവളുടെ ക്ഷേമത്തിൽ മാത്രം താത്പര്യമുള്ളവനായി ഭാവിക്കുന്നു. ഭാഗികമായി മാത്രം സത്യമായ ഒരു കാര്യം പറഞ്ഞുകൊണ്ടു തുടങ്ങുന്നു. "തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്ന് ദൈവം യഥാർത്ഥത്തിൽ കല്പിച്ചിട്ടുണ്ടോ?" (ഉത്പ 3:1). ദൈവം യഥാർത്ഥത്തിൽ ആദത്തോട് ഏതു മരത്തിൽനിന്നും ഭക്ഷിക്കരുത് എന്ന് ഒരിക്കലും പറഞ്ഞില്ല. ഒരു മരത്തിൽനിന്നു ഭക്ഷിക്കരുതെന്നേ പറഞ്ഞുള്ളൂ. നന്മയുടെയും തിന്മയുടെയും അറിവിന്റെ മരത്തിൽനിന്ന് ഭക്ഷിക്കരുതെന്നേ ദൈവം കല്പിച്ചിട്ടുള്ളൂ (ഉത്പ 2:17). സ്ത്രീ സർപ്പത്തെ





തിരുത്താൻ ശ്രമിച്ചു. പക്ഷേ, അവന്റെ പ്രലോഭനത്തിനു വഴങ്ങിപ്പോയി. "എന്നാൽ, തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്. ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ട്" (ഉത്പ 3:2) എന്ന് അവൾ പറഞ്ഞു. അവളുടെ ഉത്തരം നിയമപരവും നിഷേധപരവുമായ വാക്കുകളിൽ പൊതിഞ്ഞതായിരുന്നു. വഞ്ചകനെ കേൾക്കുകയും യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് അവൻ നല്കിയ വ്യാഖ്യാനം അംഗീകരിക്കുകയും ചെയ്തപ്പോൾ സ്ത്രീ വഴിതെറ്റിക്കപ്പെട്ടു. അവൾ ആ വഞ്ചകർ നല്കിയ ഉറപ്പ് ശ്രദ്ധിച്ചു: "നീ മരിക്കുകയില്ല" (ഉത്പ 3:4).

പരീക്ഷകന്റെ അഴിച്ചുപണിയൽ സത്യത്തിന്റെ ഭാവം സ്വീകരിക്കുന്നു: "അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം" (ഉത്പ 3:5). ദൈവത്തിന്റെ പിതൃസഹജമായ കല്പന - അവരുടെ നന്മയ്ക്കുവേണ്ടി നല്കപ്പെട്ടത് - ശത്രുവിന്റെ ആകർഷകമായ വശീകരണംവഴി അവിശ്വസനീയമാക്കപ്പെട്ടു: "ആ മരത്തിന്റെ പഴം രുചികരവും കണ്ണിനു കൗതുകകരവും അറിവുനല്കാൻ കഴിവുള്ളതുമാകയാൽ ആഗ്രഹിക്കത്തക്കതാണെന്ന് അവൾ കണ്ടു" (ഉത് 3:6).

ബൈബിളിലെ ഈ സംഭവം നമ്മുടെ പരിചിന്തനത്തിനുള്ള സത്താപരമായ ഒരു ഘടകത്തെ പ്രകാശിപ്പിക്കുന്നു. ദ്രോഹം ചെയ്യാത്ത വളച്ചൊടിക്കൽ പോലെ മറ്റൊന്നില്ല. എന്നാൽ അബദ്ധത്തെ വിശ്വസിച്ചാൽ അതിൽനിന്ന് കഠിനമായ അനന്തരഫലങ്ങളുണ്ടാകും. സത്യത്തിന്റെ നിസ്സാരമെന്നു തോന്നാവുന്ന വളച്ചൊടിക്കലും അപകടകരമായ അന്തരഫലങ്ങൾ ഉണ്ടാക്കും.

നമ്മെ അപകടത്തിലാക്കുന്നത് അത്യാഗ്രഹമാണ്. തെറ്റായ വാർത്തകൾ പെട്ടെന്നു പ്രചരിക്കുന്നതിനാൽ അതിനെ പിടിച്ചുനി

റുത്താനാവാത്തവിധം വ്യാപിക്കും. അത് സാമൂഹികമാധ്യമങ്ങളെ പ്രചോദിപ്പിക്കുന്ന പങ്കുവക്കൽ ബോധംമൂലമല്ല. പിന്നെയോ മനുഷ്യജീവികളിൽ പെട്ടെന്ന് ഉണർത്താൻ കഴിവുള്ള തൃപ്തിപ്പെടുത്താനാവാത്ത അത്യാഗ്രഹത്തെ അത് അനുകൂലിക്കുന്നതുകൊണ്ടാണ്. തെറ്റായ വിവരദാനത്തെ തീറ്റിപ്പോറ്റുന്നത് സാമ്പത്തികവും കൃത്രിമവുമായ ലക്ഷ്യങ്ങളാണ്. അവയാകട്ടെ അധികാരത്തിനുവേണ്ടിയുള്ള ദാഹത്തിലും സമ്പാദിച്ചുകൂട്ടാനും സന്തോഷിക്കാനുള്ള ആഗ്രഹത്തിലും അടിയുറപ്പിച്ചിരിക്കുന്നു. അതാകട്ടെ നമ്മെ ആത്യന്തികമായി കൂടുതൽ ദുരന്തത്തിലെത്തിക്കുന്നു: തിന്മയുടെ വഞ്ചനാത്മകമായ ശക്തിയാണത്. അത് നമ്മുടെ ആന്തരിക സ്വാതന്ത്ര്യത്തെ ഒരു മാർഗത്തിൽനിന്നു മറ്റൊരു വഴിയിലേക്ക് തട്ടിക്കൊണ്ടുപോകുന്നു. അതുകൊണ്ടാണ് സത്യത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം, നമ്മുടെ ഏറ്റവും ആഴത്തിലുള്ള ആഗ്രഹങ്ങളെയും പ്രവണതകളെയും തിരിച്ചറിയാനും വിലയിരുത്താനും മനസ്സിലാക്കാനും ജനങ്ങളെ പഠിപ്പിക്കാനുള്ളതായിരിക്കേണ്ടത്. നന്മയായതിനെ സംബന്ധിച്ച കാഴ്ച നഷ്ടപ്പെടാതിരിക്കാനും ഓരോ പ്രലോഭനത്തിനും കീഴ്പ്പെടാതിരിക്കാനും വേണ്ടിയാണത്.

**3. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32)**

വഞ്ചനാത്മകമായ ഭാഷകൊണ്ടുള്ള സ്ഥിരം ദുഷിപ്പിക്കൽ നമ്മുടെ ആന്തരിക ജീവിതത്തെ അവസാനം ഇരുണ്ടതാക്കിത്തീർക്കും. ഡൊസ്റ്റോവിസ്കിയുടെ നിരീക്ഷണം പ്രകാശം നല്കുന്ന ഒന്നാണ്: "തങ്ങളോടുതന്നെ നുണപറയുകയും സ്വന്തം നുണയെ ശ്രവിക്കുകയും ചെയ്യുന്നവർ തങ്ങളിൽത്തന്നെയും മറ്റുള്ളവരിലും ഉള്ള സത്യത്തെ തിരിച്ചറിയാനോ ശ്രവിക്കാനോ കഴിയാത്ത സ്ഥിതിയിലെത്തിച്ചേരും. അങ്ങനെ തങ്ങളെപ്പറ്റിയും ചുറ്റുമുള്ള മറ്റുള്ളവരെപ്പറ്റിയും ഉണ്ടായിരിക്കേണ്ട ബഹുമാനം നഷ്ടപ്പെടും. അവർ ആദരവില്ലാത്തതുകൊണ്ട് സ്നേഹിക്കാത്തവരും തങ്ങളെത്തന്നെ നിലനിറുത്താൻ ഏകാഗ്രതയില്ലാത്തവരുമായി തീവ്ര വികാരങ്ങളിലേക്കും. മര്യാദയില്ലാത്ത സുഖങ്ങളിലേക്കും നീങ്ങും. അവർ തങ്ങളുടെ തിന്മകളിൽ മൃഗീയതയിലേക്കു മുങ്ങിത്താഴും. എല്ലാം തങ്ങളോടുതന്നെയും മറ്റുള്ളവരോടും നിരന്തം നുണപറഞ്ഞതുകൊണ്ടുതന്നെ" (കാരമസോവ് ബ്രദേഴ്സ് II,2).

അതുകൊണ്ട് നമ്മൾ എങ്ങനെ സ്വയം സംരക്ഷിക്കും? തെറ്റിന്റെ രോഗാണുവിനെതിരായ ഏറ്റവും മൗലികമായ മറുമരുന്ന് സത്യംകൊണ്ടുള്ള വിശുദ്ധീകരിക്കലാണ്. ക്രിസ്തുമതത്തിൽ സത്യം എന്നത് കാര്യങ്ങളെ സത്യമെന്നോ തെറ്റെന്നോ നിർവചിച്ച് എങ്ങനെ വിധിക്കുന്നു എന്ന വെറും സങ്കല്പപരമായ യാഥാർത്ഥ്യമല്ല. ഒളിച്ചുവച്ചിരിക്കുന്ന കാര്യങ്ങളെ വെളിച്ചത്തുകൊണ്ടുവരൽ, "യാഥാർത്ഥ്യത്തെ വെളിപ്പെടുത്തൽ" - മാത്രമല്ല സത്യം. പ്രാചീന ഗ്രീക്കുഭാഷയിൽ *അലെത്തേയിയ* (അ-ലെത്തെസ് = മറഞ്ഞിരിക്കാത്തത്) എന്നാണ് പറഞ്ഞിരുന്നത്. അത് നമ്മെ വിശ്വാസത്തിലേക്കു നയിക്കുമെന്നാണ് കരുതിയിരുന്നത്. എന്നാൽ സത്യം നമ്മുടെ മുഴുവൻ ജീവിതത്തെയും ബാധിക്കുന്ന ഒന്നാണ്. ബൈബിളിൽ പിന്തുണയുടെയും ഐക്യദാർഢ്യത്തിന്റെയും വിശ്വാസത്തിന്റെയും ഒരർത്ഥം അതിനുണ്ട്. 'അമാൻ' എന്ന ക്രിയാധാതുവിന് ആ അർത്ഥമാണുള്ളത്. ലിറ്റർജിപരമായ നമ്മുടെ 'ആമ്മേൻ' എന്ന പ്രയോഗത്തിന്റെ മൂലധാതു അതാണ്. മറിഞ്ഞുവീഴാതെ ചാരിനില്ക്കാവുന്ന ഒന്നാണ് സത്യം. ബന്ധപൂർവകമായ ഈ അർത്ഥത്തിൽ യഥാർത്ഥത്തിൽ ആശ്രയിക്കാവുന്നതും വിശ്വാസയോഗ്യമായിരിക്കുന്നതും ഒരാൾ മാത്രമാണ്. നമുക്ക് ആശ്രയിക്കാൻ പരിഗണിക്കാവുന്ന ഏകവ്യക്തി. ആ വ്യക്തിയാണ് ദൈവം. അതുകൊണ്ട് യേശുവിന് ഇങ്ങനെ പറയാനാവും: "ഞാനാണു സത്യം" (യോഹ 14:6). നമ്മെ സ്നേഹിക്കുന്ന

വന്റെ സത്യസന്ധതയിലും വിശ്വസ്തതയിലും സത്യത്തെ അനുഭവിച്ചറിയുമ്പോൾ നാം സത്യത്തെ കണ്ടെത്തുകയും വീണ്ടും കണ്ടെത്തുകയും ചെയ്യും. നമ്മെ സ്വതന്ത്രരാക്കാൻ ഇതിനുമാത്രമേ കഴിയുകയുള്ളൂ: "സത്യം നിങ്ങളെ സ്വതന്ത്രരാക്കും " (യോഹ 8:32).

**തെറ്റിൽനിന്നുള്ള സ്വാതന്ത്ര്യവും ബന്ധത്തിനുവേണ്ടിയുള്ള അന്വേഷണവും:** നമ്മുടെ വാക്കുകളും ആംഗ്യങ്ങളും സത്യസന്ധവും യഥാർത്ഥവും വിശ്വാസയോഗ്യവുമാകണമെങ്കിൽ ഈ രണ്ടു ഘടകങ്ങളും ഉണ്ടായിരിക്കണം. സത്യത്തെ വിവേചിച്ചറിയുന്നതിന് ഐക്യത്തെ പ്രോത്സാഹിപ്പിക്കുകയും നന്മയെ വളർത്തുകയും ചെയ്യുന്ന എല്ലാറ്റിനെയും തിരിച്ചറിയണം. ഒറ്റപ്പെടുത്താനും വിഭജിക്കാനും എതിർക്കാനും പ്രേരിപ്പിക്കുന്നവയെ മനസ്സിലാക്കണം. അതുകൊണ്ട് സത്യത്തെ വ്യക്തിത്വമില്ലാത്ത ഒന്നായി ബാഹ്യലോകത്തുനിന്ന് അടിച്ചേല്പിക്കുമ്പോൾ നാം യഥാർത്ഥത്തിൽ, അങ്ങിനെ സ്വീകരിക്കുന്നില്ല. എന്നാൽ വ്യക്തികൾ തമ്മിലുള്ള സ്വതന്ത്രമായ ബന്ധങ്ങളിൽനിന്ന് പരസ്പര ശ്രവണത്തിൽനിന്ന് - ഉണ്ടാകുമ്പോൾ മാത്രമാണ് സ്വീകരിക്കുന്നത്.

സത്യാന്വേഷണം ഒരിക്കലും നിർത്തിവയ്ക്കാനും സാധ്യമല്ല. എന്തെന്നാൽ അസത്യം എപ്പോഴും കയറിക്കൂടാം. സത്യമായ കാര്യങ്ങൾ പറയുമ്പോൾപോലും അതുണ്ടാകാം. തെറ്റുവരാനാവാത്ത ഒരു വാദമുഖം യഥാർത്ഥത്തിൽ നിഷേധിക്കാനാവാത്ത യാഥാർത്ഥ്യങ്ങളിൽ അധിഷ്ഠിതമാണ്. എന്നാൽ അത് മറ്റൊരാളെ ദ്രോഹിക്കാനും മറ്റുള്ളവരുടെ മുമ്പിൽ അയാളെ വിശ്വസിക്കാനാവാത്തവനായി കാണിക്കാനും ഉപയോഗിച്ചാൽ, അത് എത്ര ശരിയായി കാണപ്പെട്ടാലും സത്യപൂർണമായിരിക്കുകയില്ല.

പ്രസ്താവനകളുടെ സത്യസന്ധതയെ അവയുടെ ഫലങ്ങളിൽനിന്ന് നമുക്കു തിരിച്ചറിയാം. അവ വഴക്കുകൾക്കു കാരണമാകുന്നുണ്ടോ? വിഭജനമുണ്ടാക്കുന്നുണ്ടോ? പിന്തിരിയാൻ പ്രോത്സാഹിപ്പിക്കുന്നുണ്ടോ? അതോ സർഗാത്മകമായ സംഭാഷണത്തിലേക്കും ഫലപൂർണമായ അനന്തരഫലങ്ങളിലേക്കും നയിക്കുന്ന വിവരങ്ങൾ അറിയുന്ന പക്വമായ വിചിന്തനത്തിലേക്കു നയിക്കുന്നുണ്ടോ?





**4. സമാധാനമാണ് യഥാർത്ഥ വാർത്ത**

അബദ്ധങ്ങൾക്കെതിരായിട്ടുള്ള ഏറ്റവും നല്ല മറുമരുന്നുകൾ സമരതന്ത്രങ്ങളല്ല, പിന്നെയോ വ്യക്തികളാണ്: അത്യാഗ്രഹമില്ലാത്ത മനുഷ്യർ, കേൾക്കാൻ തയ്യാറായിട്ടുള്ളവർ. സത്യം പുറത്തുവരുന്നതിന് ആത്മാർത്ഥമായ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശ്രമിക്കുന്നവൻ, നന്മയാൽ ആകർഷിക്കപ്പെടുന്നവർ, ഭാഷയുടെ ഉപയോഗത്തെക്കുറിച്ച് ഉത്തരവാദിത്വം വഹിക്കാൻ തയ്യാറുള്ളവർ. വ്യാജവാർത്തകളുടെ പ്രചാരണത്തിനുള്ള പ്രത്യുത്തരം ഉത്തരവാദിത്വമാണെങ്കിൽ വിവരങ്ങൾ നല്കുകയെന്ന ജോലി ചെയ്യുന്നവർക്ക് - ജേർണലിസ്റ്റുകൾക്ക് വലിയ ഉത്തരവാദിത്വമുണ്ട്. അവർ വാർത്തകളുടെ സംരക്ഷകരാണ്. ഒരർത്ഥത്തിൽ അവരുടേത് ഇന്നത്തെ ലോകത്ത് വെറും ജോലിയല്ല. അത് ഒരു ദൗത്യമാണ്. ഉന്മാദത്തെ തീറ്റിപ്പോറ്റുന്നതിന്റെയും വാർത്തകൾ തട്ടിയെടുത്തു പെട്ടെന്നു പ്രചരിപ്പിക്കാനുള്ള ഭ്രാന്തുപിടിച്ച ഓട്ടത്തിന്റെയും മധ്യത്തിൽ അവർ ഒരു കാര്യം ഓർക്കണം: വിവരദാനത്തിന്റെ ഹൃദയം റിപ്പോർട്ടുചെയ്യുന്നതിലുള്ള ധൃതിയല്ല, അത് ശ്രോതാക്കളിൽ ചെലുത്തുന്ന സ്വാധീനവുമല്ല, പിന്നെയോ വ്യക്തികളാണ്. മറ്റുള്ളവർക്ക് അറിവുപകരുകയെന്നതിന്റെ അർത്ഥം മറ്റുള്ളവരെ പരിശീലിപ്പിക്കുകയെന്നതാണ്. ജനങ്ങളുടെ ജീവിതവുമായി ബന്ധമുണ്ടായിരിക്കുകയെന്നതാണ്. അതുകൊണ്ടാണ് ഉറവിടങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതും വിവരദാനത്തെ സംരക്ഷിക്കുന്നതും നന്മയെ വളർത്താനും വിശ്വാസ്യ

തയെ ജനിപ്പിക്കാനും കൂട്ടായ്മയ്ക്കും സമാധാനത്തിനുമുള്ള മാർഗം തുറക്കാനും വേണ്ടിയുള്ള യഥാർത്ഥ മാർഗമായിരിക്കുന്നത്.

അതുകൊണ്ട്, സമാധാനത്തിന്റെ ജേർണലിസത്തെ വളർത്താൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഇതുവഴി, ഗൗരവമുള്ള പ്രശ്നങ്ങളെ അംഗീകരിക്കാതെ മധുരിപ്പിക്കുന്ന ജേർണലിസം എന്നോ തീവ്രവികാരത്തെ ഉദ്ദീപിക്കുന്ന ജേർണലിസമെന്നോ ഞാൻ ഉദ്ദേശിക്കുന്നില്ല. നേരേമറിച്ച്, സത്യസന്ധവും തെറ്റുകളെയും തർക്കപരമായ മുദ്രാവാക്യങ്ങളെയും വികാരതീവ്രതയുണ്ടാക്കുന്ന തലവാചകങ്ങളെയും എതിർക്കുന്ന ജേർണലിസമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ സൃഷ്ടിക്കപ്പെട്ട, എല്ലാവർക്കും സേവനം ചെയ്യുന്ന - പ്രത്യേകിച്ച് നമ്മുടെ ലോകത്തിൽ ഭൂരിപക്ഷമായിട്ടുള്ള ശബ്ദമില്ലാത്തവർക്ക് സേവനംചെയ്യുന്ന ജേർണലിസം തന്നെ. അത് ബ്രേക്കിംഗ് ന്യൂസുകളിൽ കുറച്ചുമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കണം. സംഘട്ടനങ്ങളുടെ അടിയിലുള്ള കാരണങ്ങളെ കണ്ടെത്തുന്നതും കൂടുതൽ ആഴത്തിൽ ധാരണയുണ്ടാകാനും ഗുണകരമായ പ്രക്രിയയിലൂടെ അവയുടെ പരിഹാരത്തിനു സഹായിക്കുന്നതുമായിരിക്കണം. അലറുന്ന പരാക്രമത്തിനും വാക്കുകൊണ്ടുള്ള അക്രമത്തിനും പകരമായിട്ടുള്ളവ ചൂണ്ടിക്കാണിക്കുന്നതിന് സ്വയം സമർപ്പിക്കുന്ന ഒരു ജേർണലിസമാണു വേണ്ടത്.

ഈ ലക്ഷ്യത്തശിനായി വ്യക്തിയായിത്തീർന്ന സത്യത്തിലേക്ക് ഫ്രാൻസിസ്കൻ പ്രാർത്ഥനയിൽനിന്നു പ്രചോദനം സ്വീകരിച്ച് നമുക്കു തിരിയാം:

കർത്താവേ, ഞങ്ങളെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണങ്ങളാക്കണമേ.
കൂട്ടായ്മയെ സൃഷ്ടിക്കാത്ത വിവരദാനപ്രക്രിയയിൽ ഒളിഞ്ഞിരിക്കുന്ന തിന്മയെ തിരിച്ചറിയാൻ ഞങ്ങളെ സഹായിക്കണമേ.





ഞങ്ങളുടെ ന്യായവിധികളിൽനിന്ന് വിഷംമാറ്റിക്കളയാൻ ഞങ്ങളെ സഹായിക്കണമേ.
മറ്റുള്ളവരെ ഞങ്ങളുടെ സഹോദരീസഹോദരന്മാരായി കണ്ട് സംസാരിക്കാൻ ഞങ്ങളെ സഹായിക്കണമേ,
അവിടന്ന് വിശ്വസ്തനും വിശ്വാസയോഗ്യനുമാകുന്നു, ഞങ്ങളുടെ വാക്കുകൾ ലോകത്തിനു നന്മയുടെ വിത്തുകളായിരിക്കട്ടെ:
ആക്രോശമുള്ളിടത്ത് ഞങ്ങൾ ശ്രവണം പരിശീലിക്കട്ടെ.
ആശയക്കുഴപ്പമുള്ളിടത്ത് ഞങ്ങൾ സമന്വയത്തെ പ്രചോദിപ്പിക്കട്ടെ.
സംശയമുള്ളിടത്ത് ഞങ്ങൾ വ്യക്തത കൊണ്ടുവരട്ടെ.
പരിവർജ്ജനമുള്ളിടത്ത് ഞങ്ങൾ ഐക്യദാർഢ്യം നല്കട്ടെ.
പ്രക്ഷോഭമുള്ളിടത്ത് ഞങ്ങൾ സമചിത്തത ഉപയോഗിക്കട്ടെ.
ഉപരിപ്ലവത്വമുള്ളിടത്ത് ഞങ്ങൾ യഥാർത്ഥ ചോദ്യങ്ങൾ ചോദിക്കട്ടെ.
മുൻവിധിയുള്ളിടത്ത് ഞങ്ങൾ വിശ്വാസ്യതയെ ഉണർത്തട്ടെ.
ശത്രുതയുള്ളിടത്ത് ഞങ്ങൾ ബഹുമാനം കൊണ്ടുവരട്ടെ.
അബദ്ധമുള്ളിടത്ത് ഞങ്ങൾ സത്യം കൊണ്ടുവരട്ടെ.

**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി.,
കൊച്ചി

N.B: ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മാധ്യമദിനമായ 2018 ജൂൺ 3-ാം തീയതി വായിക്കുകയോ, സന്ദേശം പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്.

# അമലഗിരി വാർത്തകൾ

**ട്രസ്റ്റി/സെക്രട്ടറി യോഗം**

ഭദ്രാസനത്തിലെ ഇടവക ട്രസ്റ്റി/സെക്രട്ടറിമാരുടെ സംയുക്ത സംഗമം 15 ജൂൺ 2018 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ അമലഗിരി അരമനയിൽ ക്രമീകരിച്ചിരിക്കുന്നു. ഇടവകയിലെ സാമ്പത്തിക ഇടപാടുകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് Charted Accountant ശ്രീ. വർഗ്ഗീസ് അലക്സാണ്ടർ ക്ലാസ് നയിക്കുന്നു.

**പ്രസ്ബിറ്റേറിയം**

ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികരുടെ വിശേഷാൽ സമ്മേളനം 29 ജൂൺ 2018 രാവിലെ 9.30 മുതൽ അമലഗിരി അരമനയിൽ ക്രമീകരിച്ചിരിക്കുന്നു.

വൈദികർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ അദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ് പിതാവും കമ്മീഷൻ സെക്രട്ടറി ഫാ. ഡോ. സണ്ണി മാത്യൂ കാവുവിളയും സമ്മേളനത്തിന് നേതൃത്വം നല്കുന്നു.

**മാസധ്യാനം**

ബഹുമാനപ്പെട്ട വൈദികരുടെ മാസധ്യാനം 2018 ജൂലൈ 06 വെള്ളിയാഴ്ച രാവിലെ 09.30 ന് പുതിയകാവ് സ്മൃതി മന്ദിരത്തിൽ ക്രമീകരിച്ചിരിക്കുന്നു. പെരിയ ബഹുമാനപ്പെട്ട ജോസ് മരിയദാസ് ഒ.ഐ.സി അച്ചൻ ധ്യാനത്തിന് നേതൃത്വം നല്കുന്നു.

**ഓർമ്മ തിരുന്നാൾ**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 65-ാം ഓർമ്മ തിരുന്നാൾ വിവിധ പരിപാടികളോടെ പുതിയകാവ് ദൈവദാസൻ മാർ ഈവാനിയോസ് സ്മൃതി മന്ദിരത്തിൽ ആചരിക്കുന്നു. ജൂലൈ 01 മുതൽ 7 വരെ വൈകിട്ട് 5-ന്





സന്ധ്യാ പ്രാർത്ഥന തുടർന്ന് വി. കുർബാന. ജൂലൈ 06 രാവിലെ 09.30 ന് ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികരുടെ മാസധ്യാനം പെരിയ ബഹുമാനപ്പെട്ട ജോസ് മരിയദാസ് ഒ.ഐ.സി അച്ചൻ നയിക്കുന്നു. ജൂലൈ 07 - രാവിലെ 9.30 മുതൽ ഏകദിന ധ്യാനം. ബഹുമാനപ്പെട്ട പ്ലാസിഡ് ഒ.ഐ.സി അച്ചൻ നയിക്കുന്നു. ഉച്ചകഴിഞ്ഞ് 03 ന്, കുന്നത്ത്, ഫാ. ജോൺ റിബേരോ അച്ചന്റെ കബറിടത്തിൽ ധൂപപ്രാർത്ഥന. വൈകിട്ട്, സമീപ ഇടവകകളിൽ നിന്നും വരുന്ന പദയാത്രികർക്ക് സ്വീകരണവും തുടർന്ന് വി. കുർബാനയും. ജൂലൈ 8 ന് രാവിലെ 6.30 ന് പ്രഭാത പ്രാർത്ഥന, വി. കുർബാന, ധൂപപ്രാർത്ഥന, പദയാത്ര ഉദ്ഘാടനം. ഭദ്രാസനങ്ങളിലെ വിവിധ ദേവാലയങ്ങളിലൂടെ കടന്നുപോകുന്ന പദയാത്ര ജൂലൈ 13 -ന് പട്ടം കബറിങ്കൽ എത്തിച്ചേരുന്നു.

**സെന്റ് ജോൺ മരിയ വിയാനി ക്ലർജി ഹോം - പുതിയ ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | - വന്ദ്യ ജോർജ് ചരുവിള കോർഎപ്പിസ്ക്കോപ്പ |
| സെക്രട്ടറി | - ഫാ. ജോബ് കല്ലുവിള |
| ട്രഷറാർ | - ഫാ. ജോൺസൺ കാരികുന്നിൽ |
| കമ്മറ്റി അംഗങ്ങൾ | - ഫാ. ലൂക്കോസ് കന്നിമ്മേൽ |
| | - ഫാ. സാം ജി. പാരുവേലിൽ |
| | - ഫാ. എബ്രഹാം തലോത്തിൽ |
| | - ഫാ. കാലേബ് ചെറുവള്ളിൽ |

**ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികരുടെ ശ്രദ്ധയ്ക്ക്**

കരികുലം വീത്തയുടെ ഫോം പൂരിപ്പിച്ച് മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോയും കൂടി ജൂൺ 15 നകം ഭദ്രാസന ചാൻസിലർ ഓഫീസിൽ എത്തിക്കേണ്ടതാണ്.

# മാർ ഈവാനിയോസ് മൈനർ സെമിനാരി

**മേജർ സെമിനാരി ക്യാമ്പ്**

ഈ വർഷത്തെ മേജർ സെമിനാരി ക്യാമ്പ് മെയ് 9 മുതൽ 11 വരെ അമ്പലത്തുംകാല സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

**സഭാ വസ്ത്ര സ്വീകരണവും ഡീക്കൻ പട്ടവും**

മാവേലിക്കര ഭദ്രാസനത്തിനുവേണ്ടി അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിൽ നിന്നും ബ്രദർ ജോർജ് പുളിവിള ഡീക്കൻ പട്ടവും ബ്രദർ തോമസ് നാലുതെങ്ങുങ്കൽ, ബ്രദർ നിജോ കൊല്ലന്റെ തെക്കേതിൽ, ബ്രദർ തോമസ് പാലവിള, ബ്രദർ ജോബിൻ പുളിവിള, ബ്രദർ ജോസഫ് തെക്കേവീട്ടിൽ, ബ്രദർ വർഗ്ഗീസ് കരിമ്പാലിൽ എന്നിവർ ഹെവ്പ്പദിയൊക്ക്നോ പട്ടവും, ബ്രദർ ജോൺ പുത്തൻപുരയ്ക്കൽ, ബ്രദർ ജോഷ്വാ തെക്കേടത്ത്, ബ്രദർ മാത്യു വലിയപറമ്പിൽ എന്നിവർ കോറൂയോ പട്ടവും, ബ്രദർ ജമ്മത്തുകളത്തിൽ ഫിലിപ്പ്, ബ്രദർ കാമച്ചംപറമ്പിൽ മാത്യു, ബ്രദർ ശങ്കരത്തിൽ തോമസ്, ബ്രദർ ഉഴന്നല്ലൂർ ഗീവർഗീസ്, ബ്രദർ വെൺമലോട്ട് കുര്യൻ എന്നിവർ സഭാ വസ്ത്രവും മ്സമ്റോനോ പട്ടവും 19 മെയ് 2018 രാവിലെ





8-ന് കല്ലുമല മാർ ഈവാനിയോസ് മൈനർ സെമിനാരിയിൽ വി. കുർബാന മധ്യേ സ്വീകരിച്ചു.

**പുതിയ അധ്യയാന വർഷം**

വേനൽക്കാല അവധിക്കുശേഷം പുതിയ അധ്യയന വർഷം ജൂൺ 1 ന് ആരംഭിക്കുന്നു.

**ഇന്റർവ്യൂ, പ്രവേശനോത്സവം**

2018-19 അധ്യയന വർഷത്തിലേക്ക് വൈദികാർത്ഥികളെ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് 19 മെയ് 2018-ൽ ഇന്റർവ്യൂ നടത്തി. ഈ വർഷത്തെ പ്രവേശനോത്സവം ജൂൺ 4 ന് നടത്തപ്പെടുന്നു.

## ആദരാജ്ഞലികൾ

**ശ്രീ. മാത്തുണ്ണി പുത്തൻപുരയിൽ (60)**

ബഹുമാനപ്പെട്ട സി. ആനിമ എസ്.ഐ.സി യുടെ വത്സല സഹോദരൻ ഇലഞ്ഞിമേൽ ഇടവകാംഗം ശ്രീ. മാത്തുണ്ണി പുത്തൻപുരയിൽ 30 മെയ് 2018-ൽ നിര്യാതനായി. ശവസംസ്ക്കാര കർമ്മം 04 ജൂൺ 2018-ൽ ഇലഞ്ഞിമേൽ മലങ്കര കത്തോലിക്ക ദേവാലയത്തിൽ നടന്നു. വന്ദ്യ പിതാവ് ഭവനത്തിലെയും ദേവാലയത്തിലേയും ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. സന്തപ്തരായ കുടുംബാംഗങ്ങൾക്ക് ഭദ്രാസനത്തിന്റെ ആദരാജ്ഞലികൾ!

# പ്രബോധന

## 'പ്രതീക്ഷ 2018-19'

മാവേലിക്കര ഭദ്രാസനത്തിലെ സൺഡേ സ്ക്കൂൾ, എം. സി.സി.എൽ കുട്ടികളുടെയും പ്രഥമ അദ്ധ്യാപകരുടെയും അദ്ധ്യാപക സെക്രട്ടറിമാരുടെയും സംഗമം അഭിവന്ദ്യപിതാവ് 2018 മെയ് 26 ന് തേവലപ്പുറം സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് ഉദ്ഘാടനം ചെയ്തു. 2017-18 അധ്യയന വർഷത്തിൽ ഭദ്രാസനത്തിൽ നിന്നും സണ്ടേസ്ക്കൂൾ മത്സര പരീക്ഷയിലും ബൈബിൾ സർഗ്ഗോത്സവത്തിലും സമ്മാനാർഹരായവർക്ക് സമ്മാനങ്ങൾ നൽകുകയും കുട്ടികൾക്ക് 'നവയുഗത്തിലെ മതബോധനം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് എടുക്കുകയും പ്രഥമ അദ്ധ്യാപകരോടും അദ്ധ്യാപക സെക്രട്ടറിമാരോടും അടുത്ത വർഷത്തെ കർമ്മ പദ്ധതികളെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. പ്രതീക്ഷ 2018' -ൽ കടന്നു വന്ന എല്ലാവർക്കും പ്രബോധനയുടെ നന്ദി.

**മതബോധന പുസ്തക വിതരണം 2018 -19**

താഴെ പറയുന്ന ദിവസങ്ങളിൽ പുസ്തക വിതരണം ഉണ്ടായിരിക്കുന്നതാണ്.

ചെങ്ങന്നൂർ, മാവേലിക്കര, കറ്റാനം ജില്ല - 2018 ജൂൺ 15, 16 തീയതികളിൽ പുന്നമൂട് മദർ തെരേസാ പാസ്റ്ററൽ സെന്റർ, സൺഡേ സ്ക്കൂൾ കാര്യാലയത്തിൻ നിന്നും രാവിലെ 10 മുതൽ വൈകിട്ട് 5 വരെ പുസ്തകം ലഭ്യമാകുന്നതാണ്.





2018 ജൂൺ 17 ഞായറാഴ്ച ഉച്ചയ്ക്ക് 03 മുതൽ 06 വരെ പുത്തൂർ ജില്ല - മാറനാട് ദേവാലയത്തിൽ
2018 ജൂൺ 23 രാവിലെ 10 മുതൽ 1.00 വരെ
കടമ്പനാട് ജില്ല - കടമ്പനാട് ദേവാലയം
2018 ജൂൺ 23 ഉച്ചയ്ക്ക് 2.30 മുതൽ 6.00 വരെ
കൊല്ലം ജില്ല - പെരുമ്പുഴ ദേവാലയത്തിൽ

ബോധിനി വരിസംഖ്യ പുസ്തകം വാങ്ങാൻ വരുമ്പോൾ നൽകുക. ജൂലൈ 30-ന് ശേഷം പുസ്തക വിതരണം ഉണ്ടായിരിക്കുന്നതല്ല.

**സ്ഥിതി വിവര ഫോം**

സ്ഥിതി വിവര ഫോം നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പൂരിപ്പിച്ച് 2018 ജൂലൈ 30 ന് മുമ്പ് അയച്ചുതരേണ്ടതാണ്.

**പരീക്ഷ പുനർ മൂല്യനിർണ്ണയം**

10, 12 ക്ലാസുകളിലെ പുനർ മൂല്യനിർണ്ണയം 2018 ജൂൺ 30 വരെ അവസരമുണ്ടായിരിക്കുകയുള്ളൂ.

**പ്രവേശനോത്സവം**

2018- 19 വർഷത്തെ സൺഡേ സ്ക്കൂൾ കുട്ടികളുടെ ക്ലാസും പുതിയ കുട്ടികളുടെയും അദ്ധ്യാപകരുടെയും പ്രവേശനോത്സവവും 2018 ജൂൺ 3 ന് എല്ലാ ഇടവകയിലും എം.സി.സി. എൽ കുട്ടികളുടെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്നു.

**മത്സര പരീക്ഷ ഫലം**

2017-18 അധ്യയന വർഷത്തിൽ മൂന്ന് മുതൽ 12 വരെ ക്ലാസുകളിൽ മത്സര പരീക്ഷയിൽ ഭദ്രാസനത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിച്ചവർക്ക് പ്രബോധനയുടെ പ്രാർത്ഥനാശംസകൾ. പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ക്ലാസ് 3**

1. സന മേരി ജോസഫ്, കുറത്തികാട്
2. ജീവ അബിൽ രാജ്, കരിമുളയ്ക്കൽ
3. ജസ്റ്റിൻ ആർ, പോരുവഴി

**ക്ലാസ് 4**

1. സേറ എൻസ ജോസഫ് , കറ്റാനം
2. ജോഷ്വാ ദാൻ ജോസഫ്, ഇടപ്പോൺ
3. സോനാ സോണി ജോർജ്ജ്, പുലിയൂർ

**ക്ലാസ് 5**

1. അലീന ബിജു, പുത്തൂർ
2. അലീന കെ. ബിജു, പൂയപ്പള്ളി
3. ആര്യ ജോസഫ്, കുടശ്ശനാട്

**ക്ലാസ് 6**

1. അതുല്യ വി.എസ്, കൊട്ടറ
2. ജോതം ജെ. പാപ്പച്ചൻ, തുവയൂർ വെസ്റ്റ്
3. ജെസ്റ്റിൻ ഷാജി റ്റി, പുന്നമൂട്

**ക്ലാസ് 7**

1. രഹ്ന സാറാ റോയ്, പുന്നമൂട്
2. ആഷ്‌ലി എസ് അച്ചൻകുഞ്ഞ്, കൈതക്കോട്
3. ആൽവിൻ കെ. ജോൺസൺ, അമ്പലത്തുംകാല

**ക്ലാസ് 8**

1. ദയ  മാജി വർഗ്ഗീസ്, പുന്നമൂട്
2. ലെനാ മേരി സാം, കരിമുളയ്ക്കൽ
3. മേഘ മേരി ജിസ്, പോരുവഴി

**ക്ലാസ് 9**

1. അമീഷ സൂസൻ മാത്യു, കടമ്പനാട്
1. സീനായ് അന്ന ഷാലു, ഇലഞ്ഞിമേൽ
2. അനിറ്റ് ജോർജ്ജ്, കറ്റാനം





3. ആർദ്ര മേരി വർഗീസ്, പുന്നമൂട്

**ക്ലാസ് 10**.

1. എഫ്രേം ജൂഡ് ജോർജ്ജ്, ചെങ്ങന്നൂർ
1. സജിൻ അജി, കറ്റാനം
2. നേഹ മറിയം മാത്യൂസ്, കായംകുളം
2. സൗമ്യ മാത്യു, പുലിയൂർ
3. ജോയ്സി ജോൺസൺ, നല്ലില
3. അലീന ആൻ ജോൺ, കുറത്തികാട്

**ക്ലാസ് 11**

1. സ്നേഹാ എലിസബേത്ത് ഷാലു, ഇലഞ്ഞിമേൽ
2. ബീനമോൾ കെ., മുഖത്തല
3. ഡെന്നിസൺ ജോർജ്ജ് തോമസ്, പാറക്കൂട്ടം

**ക്ലാസ് 12**

1. ബ്ലെസിംഗ് റ്റി ജോൺ, കായംകുളം
2. ജെനി ഷാജി, പുത്തൂർ
3. നീതു ബാബു, മാറനാട്

### 2017-18 വർഷത്തെ സർഗ്ഗോത്സവ ഭദ്രാസന മത്സര വിജയികൾ

| | | | |
|---|---|---|---|
| **ബൈബിൾ കലാ പ്രതിഭ** | - | **എമിൽ ബി. ബിനു, പോരുവഴി** | |
| നഴ്സറി | - | ബൈബിൾ കഥ | - I |
| നഴ്സറി | - | അഭിനയ ഗാനം | - I |
| **ബൈബിൾ കലാതിലകം** | - | **ജീവാ അബിൽ രാജ്, കരിമുളയ്ക്കൽ** | |
| സബ്ജൂനിയർ | - | ബൈബിൾ കഥ | - I |
| സബ് ജൂനിയർ | - | അഭിനയഗാനം | - I |

**ആൽവിന ബിബു, കല്ലുമല** - നഴ്സറി ബൈബിൾ കഥ - II
- നഴ്സറി അഭിനയ ഗാനം - III

**സൈറ സാജൻ, പള്ളിപ്പാട്** - നഴ്സറി അഭിനയ ഗാനം - II

**ആഞ്ചല ബി പോൾ, കൈതക്കോട്**
- സബ് ജൂനിയർ ബൈബിൾകഥ - II

**അമല ബാബു, ഇടപ്പോൺ** - സബ് ജൂനിയർ അഭിനയഗാനം - II

**ഹന്ന കെ. ജോയി, അമ്പലപ്പുറം** - ജൂനിയർ പ്രസംഗം - I

**അനീറ്റ ജയിംസ്, വെട്ടിയാർ** - ജൂനിയർ പ്രസംഗം - II

**സാന്ദ്ര എലിസബത്ത് ജോൺ, കുറത്തികാട്**
- ജൂനിയർ ലളിതഗാനം - I

**ജോതം ജെ പാപ്പച്ചൻ, തുവയൂർ വെസ്റ്റ്** - ജൂനിയർ ലളിതഗാനം - II

**അലീന നൈനാൻ, കോടുകുളഞ്ഞി** - ജൂനിയർ ബൈബിൾ വായന - I

**ജിൻസു ബിജു, മണ്ണാറോഡ്** - ജൂനിയർ ബൈബിൾ വായന - II

**സ്നേഹാ രാജു, പൂയപ്പള്ളി** - ഇന്റർ മീഡിയേറ്റ് ലളിതഗാനം ഗേൾസ് - I

**എയ്ഞ്ചൽ മേരി റെജി, തുവയൂർ ഈസ്റ്റ്** - ഇന്റർ മീഡിയേറ്റ് ലളിതഗാനം ഗേൾസ് - II

**ജോതിൻ ജെറോം, തുവയൂർ വെസ്റ്റ്** - ഇന്റർ മീഡിയേറ്റ് പ്രസംഗം - I

**അബിൽ വിജു, പാവുമ്പ** - ഇന്റർ മീഡിയേറ്റ് പ്രസംഗം - II

**ജോയേൽ ജോൺസൺ, തേവലപ്പുറം** - ഇന്റർ മീഡിയേറ്റ് ലളിതഗാനം - I

**രോഹിത് സജീവ്, അമ്പലപ്പുറം** - ഇന്റർ മീഡിയേറ്റ് ലളിതഗാനം - II

**ആർദ്രമേരി വർഗ്ഗീസ്, പുന്നമൂട്** - ഇന്റർ മീഡിയേറ്റ് ബൈബിൾ വായന - I

**ലെനാ മേരി സാം, കരിമുളയ്ക്കൽ** - ഇന്റർ മീഡിയേറ്റ് ബൈബിൾ വായന - II





**അഗ്നസ് സജി, തുവയൂർ ഈസ്റ്റ്** - സീനിയർ ലളിതഗാനം (പെൺ) - I

**ജുവൽ എൽസാ മാത്യു, കുറത്തികാട്** - സീനിയർ ലളിതഗാനം (പെൺ) - II

**ബെനറ്റ് കുര്യൻ, കരിംത്തോട്ടുവ** - സീനിയർ ലളിതഗാനം (ആൺ) - I

**റെജിത്ത് കോശി, കുറത്തികാട്** - സീനിയർ ലളിതഗാനം (ആൺ) - II

**ക്രിസ്റ്റി ഷിബു, കുറത്തികാട്** - സീനിയർ പ്രസംഗം - I

**എബിൽ ബിനു സാം, വെൺമണി** - സീനിയർ പ്രസംഗം - II

**ഗീവർഗ്ഗീസ് ഐപ്പ്, കാരിച്ചാൽ** - ഗുരു ലളിതഗാനം (ആൺ) - I

**അജോയ് പി. ജോൺ, പോരുവഴി** - ഗുരു ലളിതഗാനം (ആൺ) - II

**ആൻസി വർഗ്ഗീസ്, ഇടനാട്** - ഗുരു ലളിതഗാനം (പെൺ) - I

**നിമ്മി ഗീവർഗ്ഗീസ്, കാരിച്ചാൽ** - ഗുരു ലളിതഗാനം (പെൺ) - II

**ഡെയ്സി ജോർജ്ജ്, കറ്റാനം** - ഗുരു പ്രസംഗം - I

**ജിജോ ജോയി, കൊട്ടറ** - ഗുരു പ്രസംഗം - II

**മെൽവിൻ എ. തരകൻ, ചാരുംമൂട്** - സീനിയർ പ്രസംഗം - III

**അലൻ അച്ചൻകുഞ്ഞ്, മരുതമൺപള്ളി** - സീനിയർ ലളിതഗാനം (ആൺ) - III

**സജന വർഗ്ഗീസ്, മരുതമൺപള്ളി** - സീനിയർ ലളിതഗാനം (പെൺ) - III

**എമിൽ ബിനു സാം, വെൺമണി** - ഇന്റർ മീഡിയേറ്റ് ബൈബിൾ വായന - III (ആൺ)

**ജോയേൽ വർഗ്ഗീസ്, ഇടനാട്** - ഇന്റർ മീഡിയേറ്റ് ലളിതഗാനം (ആൺ) - III

**ഹന്ന പി വിൽസൺ, അമ്പലപ്പുറം** - ഇന്റർ മീഡിയേറ്റ് പ്രസംഗം (പെൺ) - III

**പ്രിൻസി പ്രസാദ്, കാരിച്ചാൽ** - ഇന്റർ മീഡിയേറ്റ് ലളിതഗാനം (പെൺ) - III

| | |
|---|---|
| **അനിറ്റ അജി, തേവലപ്പുറം** | - ജൂനിയർ ബൈബിൾ വായന (പെൺ) - III |
| | - ജൂനിയർ പ്രസംഗം - III |
| **അതുല്യ വി.എസ്സ്, കൊട്ടറ** | - ജൂനിയർ ലളിതഗാനം - III |
| **ഹെലൻ റോസ് ബിജു, വഴുതാനം** | - സബ് ജൂനിയർ അഭിനയഗാനം - III |
| **അലീന എ. ജിജോ, കല്ലുമല** | - സബ് ജൂനിയർ ബൈബിൾ കഥ - III |
| **അനോന റോസ് സനീഷ്, ചെന്നിത്തല** | - നഴ്സറി ബൈബിൾ കഥ - III |
| **അലൻ മാമ്മൻ, കുറത്തിക്കാട്** | - ഗുരു ലളിതഗാനം (ആൺ) - III |
| **സെലിൻ ജി, തേവലപ്പുറം** | - ഗുരു ലളിതഗാനം (പെൺ) - III |
| **റീന അനിജ, മണ്ണാറോഡ്** | - ഗുരു പ്രസംഗം - III |
| **ആരാധന ഗീതം** | - പുലിയൂർ - I |
| | - ഇടപ്പോൺ - II |
| | - കുടശ്ശനാട് - III |
| **മാർഗ്ഗംകളി** | - കൈതക്കോട് - I |
| | - പോരുവഴി - II |
| | - പുന്നമൂട് - III |
| **മൈം** | - കുറത്തികാട് - I |
| | - കല്ലുവാതുക്കൽ - II |
| | - പെരിങ്ങനാട് - III |

**ഒന്നാം സ്ഥാനം – മാവേലിക്കര – 145**

**രണ്ടാം സ്ഥാനം – കടമ്പനാട് – 110**

**മൂന്നാം സ്ഥാനം – പുത്തൂർ – 85**





# കെ. സി. എസ്. എൽ

**സ്റ്റേറ്റ് ആനിമേറ്റേഴ്സ് മീറ്റ്**

ഈ വർഷത്തെ സ്റ്റേറ്റ് ആനിമേറ്റേഴ്സ് മീറ്റ് ജൂൺ 9-ാം തീയതി രാവിലെ 10 മണി മുതൽ 3.00 മണി വരെ പി.ഒ.സി യിൽ നടത്തപ്പെടുന്നു.

**സംസ്ഥാനതല കെ.സി.എസ്.എൽ ഉത്ഘാടനം**

ഈ വർഷത്തെ സംസ്ഥാനതല കെ.സി.എസ്.എൽ ഉദ്ഘാടനം ജൂൺ 29 ന് കാഞ്ഞിരപ്പള്ളി രൂപതയിൽ വച്ച് നടത്തപ്പെടുന്നു.

എല്ലാ കെ.സി.എസ്.എൽ ആനിമേറ്റേഴ്സിനും കുട്ടികൾക്കും അദ്ധ്യാപകർക്കും പ്രാർത്ഥനയുടെയും ദൈവാനുഗ്രഹത്തിന്റെയും അറിവിന്റെയും അധ്യയനവർഷം പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.



**2018 ജൂൺ മാസത്തിലെ പ്രാർത്ഥനാ നിയോഗം**

ഭിന്നതകളെ മറികടക്കുന്ന ബഹുസ്വരതയിൽ സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനു വേണ്ടി

# എം.സി.വൈ.എം

**ആത്മ-2018**

എം.സി.വൈ.എം മാവേലിക്കര ഭദ്രാസനസമിതിയുടെ ആഭിമുഖ്യത്തിൽ യുവജനങ്ങളെ ആത്മീയമായ ഉണർവിലേക്ക് നയിക്കുന്നതിനായി ആത്മ-2018 (ഭദ്രാസനതല വാർഷിക യുവജന ധ്യാനം) 2018 മെയ് 3,4,5,6 തീയതികളിലായി മാവേലിക്കര പുന്നമൂട് ജീവാരം ആനിമേഷൻ സെന്ററിൽ നടത്തപ്പെട്ടു. വിവിധ വൈദികജില്ലകളിൽ നിന്നും 200-ൽ പരം യുവജനങ്ങൾ ധ്യാനത്തിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു.

**ക്രിക്കറ്റ് ടൂർണമെന്റ്**

എം.സി.വൈ.എം മാവേലിക്കര ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 2018 മെയ് 12 -ന് ചുനക്കര ചെറുപുഷ്പ ബഥനി സ്ക്കൂൾ ഗ്രൗണ്ടിൽ വച്ച് ക്രിക്കറ്റ് ടൂർണമെന്റ് നടത്തപ്പെട്ടു. മാവേലിക്കര, ചെങ്ങന്നൂർ, കറ്റാനം, കടമ്പനാട്, കൊല്ലം വൈദികജില്ലയിൽ നിന്നുള്ള ടീമുകൾ മൽസരത്തിൽ പങ്കെടുത്തു. മാവേലിക്കര വൈദിക ജില്ല ഒന്നാം സ്ഥാനവും കറ്റാനം വൈദിക ജില്ല രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്കും മത്സരത്തിൽ പങ്കെടുത്തവർക്കും ഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ.





**അർദ്ധവാർഷിക - പദയാത്ര സെനറ്റ്**

എം.സി.വൈ.എം മാവേലിക്കര ഭദ്രാസന സമിതിയുടെ 2018 വർഷത്തെ അർദ്ധ വാർഷിക - പദയാത്ര സെനറ്റ് കൊല്ലം വൈദികജില്ലയിലെ പുലിയില മലങ്കര കത്തോലിക്കാ ദേവാലയത്തിൽ 2018 ജൂൺ 9 ന് സമ്മേളിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ യോഗത്തിൽ ഭദ്രാസനത്തിലെ MCYM- ന്റെ കഴിഞ്ഞ ആറ് മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും ജൂലൈ മാസം നടത്താനിരിക്കുന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്ര സംബന്ധിച്ചുള്ള ക്രമീകരണങ്ങൾ ചർച്ച ചെയ്യുന്നതുമാണ്.

# ചേതന

**ഗവേർണിംഗ് ബോഡി മീറ്റിംഗ്**

അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ 2018 മെയ് 11-ാം തീയതി ഗവേർണിംഗ് ബോഡി മീറ്റിംഗ് ചേതനയിൽ വച്ച് നടത്തി. 2017-18 വർഷത്തെ വരവ്, ചെലവ് 2018-19 വർഷത്തെ

ബഡ്ജറ്റ് എന്നിവ അവതരിപ്പിക്കുകയും വിലയിരുത്തുകയും പുതിയ പദ്ധതികളുടെ ആസൂത്രണം നിർവ്വഹിക്കുകയും ചെയ്തു. ചേതനയുടെ പുതിയ ഡയറക്ടറായി സ്ഥാനമേറ്റ ഫാ. ലൂക്കോസ് കന്നിമേലിന് ചേതന ഡയറക്ടറായിരുന്ന ഫാ. ബിന്നി നെടുംപുറത്ത് ചുമതല കൈമാറി. തുടർന്ന് ബഹുമാന പ്പെട്ട ബിന്നി അച്ചൻ ഏവർക്കും നന്ദിയർപ്പിച്ചു.

**DDUGKY പരിശീലനം**

ഭാരത സർക്കാരിന്റെ ഗ്രാമീണ വികസന മന്ത്രാലയത്തിന്റെ നൈപുണ്യ വികസന പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന പദ്ധതിയുടെ മൂന്നാമത്തെ ഘട്ടത്തിന്റെ ഉദ്ഘാടനം 2018 മെയ് 2 ന് ആരംഭിച്ചു. ചേതന ഡയറക്ടർ ഫാ. ബിന്നി നെടുംപുറത്ത് ഉദ്ഘാടനവും സെന്റർ ഇൻ ചാർജ് ശ്രീ. സുരേഷ് വി. ആനന്ദ് അദ്ധ്യക്ഷതയും വഹിച്ചു. ഏഴ് ബാച്ച് പരിശീലനം 2018 മെയ് 12 ന് ചേതനയിൽ ആരംഭിച്ചു.

**ലോക പരിസ്ഥിതി ദിനം**

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിവിധ യൂണി റ്റുകളിൽ വച്ച് പരിസ്ഥിതി ദിനാഘോഷം നടത്തുന്നതാണ്.

**Regional Evaluation**

ഓരോ റീജന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതി നായി ജൂൺ 26, 27, 28 തീയതികളിൽ ചേതനയിൽ വച്ച് മീറ്റിംഗ് നടത്തുന്നതാണ്.

**കേശദാന ക്യാമ്പ്**

തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ഭാഗമായ കിളിമാനൂർ എം.സി.വൈ.എം, ചേതന കായംകുളം എന്നിവ





യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന കേശദാന ക്യാമ്പ് 2018 മെയ് 27 ന് ഉച്ചയ്ക്ക് 1 മണിക്ക് പിരപ്പൻകോട് സെന്റ് ജോൺസ് ആശുപത്രിയിൽ വച്ച് നടത്തപ്പെടുന്നു.

**നന്ദി**

കഴിഞ്ഞ 6 വർഷക്കാലം ചേതനയുടെ അമരക്കാരനായി സമൂഹത്തിൽ കഷ്ടതകൾ അനുഭവിക്കുന്നവർക്കും അശര ണർക്കും താങ്ങായി നിലകൊള്ളുകയും ചെയ്ത ഡയറക്ടർ ബഹുമാനപ്പെട്ട ബിന്നി നെടുംപുറത്ത് അച്ചന് നിറഞ്ഞ മന സ്സോടെ ചേതന കുടുംബത്തിന്റെ നന്ദിയും കടപ്പാടും അറിയി ക്കുന്നു. എല്ലാ ആശംസകളും നേരുന്നു.

***Let us Remember, Congratulate and Pray..***

**JUNE**

**BIRTHDAY**

Fr. George Kottapuram - June 13



# സ്മരണീയ ദിനങ്ങൾ

## ജൂൺ

01 - വി. ജസ്റ്റിൻ

05 - വി. ബോനിഫസ്

08 - വാഴ്ത്തപ്പെട്ട മറിയം ത്രേസ്യാ,

തിരുഹൃദയത്തിരുനാൾ (ലത്തീൻക്രമം)

11 - മാർ ബർത്തുൽമായി ശ്ലീഹായും, മാർ ബർണബാസും,

മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി സ്ഥാപനദിനം,

തിരുവനന്തപുരം അതിഭദ്രാസനത്തത്തിന്റെയും തിരുവല്ല

ഭദ്രാസനത്തിന്റെയും സ്ഥാപനം, ജേക്കബ് മാർ ബർണബാസ്

പിതാവിന്റെ നാമഹേതുക തിരുനാൾ

13 - പാദുവായിലെ വി. അന്തോണിയോസ്

14 - ഏലിശാ നിബിയാ

15 - വി. ദൈവമാതാവിന്റെ നാമത്തിൽ പ്രഥമ ദൈവാലയം

സ്ഥാപിച്ചതിന്റെ ഓർമ്മ

16 - ശ്ലീഹാ നോമ്പാരംഭം

18 - മാർ അപ്രേം മല്പാൻ





19 - മാർ യൂദാ തദ്ദായി ശ്ലീഹാ

21 - വി. അലോഷ്യസ് ഗോൺസാഗ

24 - യോഹന്നാൻ മാംദാനയുടെ ജനനം,

ചേപ്പാട്ട് ഫീലിപ്പോസ് റമ്പാന്റെ ഓർമ്മ

27 - യാക്കോബ് മാർ തിയോഫിലോസ് പിതാവിന്റെ ഓർമ്മ

28 - മാർ ഐറേനിയോസ്,

അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെ

നാമഹേതുക തിരുനാൾ

29 - മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ,

ശ്ലീഹാ നോമ്പുവീടൽ

സെന്റ് മേരീസ് മലങ്കര സെമിനാരി സ്ഥാപനദിനം,

അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെയും

അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെയും മെത്രാ

ഭിഷേക വാർഷികം,

അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ നാമഹേതുക

തിരുനാൾ

30 - പന്ത്രണ്ടു ശ്ലീഹന്മാർ

# Programme Diary of His Grace

## JUNE

| Date | Venue / Function † | Time |
|---|---|---|
| 01 | Prakkanam | 11.00 AM |
| | Kodukulanji | 05.30 PM |
| 02 | Perumpuzha | 07.30 AM |
| | Chepra | 11.00 AM |
| 03 | Bangalore | |
| 04 | Elanjimel | 08.00 AM |
| | Pavumba | 11.00 AM |
| | Jayamatha- TVM | 03.00 PM |
| 05-07 | KCBC | |
| 09 | Vennikulam | 11.00 AM |
| | Puliyila | 02.00 PM |
| | Kollam | 03.00 PM |
| 11 | Koodal | 11.00 AM |
| 12 | Thottappally | 10.30 AM |
| | Karimthottuva | 06.30 PM |
| 14 | Kottayam | 10.30 AM |





| Date | Venue / Function † | Time |
|---|---|---|
| 15 | Amalagiri/ Trustee- Secretary Meet | 09. 30 AM |
| 16 | Kumbazha | 09.30 AM |
| | Chandanappally | 11.00 AM |
| 17 | Pune | |
| 18 | Chunakkara | 04.00 PM |
| 19 | Chengannur | 06.30 AM |
| 23 | Trivandrum | 11.30 AM |
| 24 | Kattanam | 11.30 AM |
| | Vallikunnam | 04.00 PM |
| 27 | Tiruvalla/ Cathedral | 06.30 AM |
| | Punnala | 04.00 PM |
| 28 | Amalagiri/ Shalom recording | 02.00 PM |
| 29 | Amalagiri/ Presbyterium | 09.30 AM |
| 30 | POC/ KCF | 09.30 AM |
| | **JULY** | |
| 01 | Vadacodu | 08.00 AM |
| | Puthiyacavu/ Smrithimandiram | 05.00 PM |
| 02 | Charummoodu | 07.00 AM |